പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 936 20/03/2013-ൽ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കോളനികൾ**

ചോദ്യം മറുപടി

**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :**

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും
വകുപ്പു മന്ത്രി)

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | കോർപ്പസ് ഫണ്ട് വഴി എത്ര കോടി രൂപ സംസ്ഥാനത്ത് ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) | 2012-13 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാനത്ത് കോർപ്പസ് ഫണ്ടിനത്തിൽ 23 കോടി രൂപ അനുവദിച്ചതിൽ 28/02/2013-വരെ 18.94 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

1.<u>അടിയ-പണിയ പാക്കേജ്</u>

അടിയ പണിയ പാക്കേജിൽ ഉൾപ്പെടുത്തി കൊറഗ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കായി സ്ക്കൂൾബാഗ്, യൂണിഫോം, കുട, ചെരിപ്പ്, നോട്ട്പുസ്തകം, പേന ഭവന നിർമ്മാണം, വീട് റിപ്പയർ, വീട് വയറിംഗ്, കോഴി വളർത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കി.

2. <u>പ്രമോട്ടർമാരുടെ ഹോണറേറിയം</u>

പട്ടികവർഗ്ഗക്കാരുടെ വിവിധ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും, അവർക്കുള്ള വിവിധ തരം ആനുകൂല്യങ്ങളെ കുറിച്ച് അറിയിപ്പ് നൽകുന്നതിനും വിദ്യാഭ്യാസപരമായി മുന്നിട്ട് നിൽക്കുന്ന 48 പട്ടികവർഗ്ഗക്കാരെ പ്രമോട്ടർമാരായി, ഒരാൾക്ക് 4000 രൂപ നിരക്കിൽ ഹോണറേറിയം നൽകി നിയമിച്ചു.

3. <u>ഭക്ഷ്യസഹായ പദ്ധതി</u>

ഭക്ഷ്യ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ പട്ടികവർഗ്ഗക്കാർക്ക് മഴക്കാലത്ത് അരിയും, മറ്റ് ഭക്ഷ്യ വസ്തുക്കളും വാങ്ങി നൽകുന്നുണ്ട്.

4. <u>ഊരുകൂട്ടം ചേരൽ</u>

പട്ടികവർഗ്ഗ മേഖലയിലെ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് ഊരുക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്നു.

5. <u>ഭവന നിർമ്മാണം</u>

ജില്ലയിലെ 3 സെന്റ് ഭൂമിയുള്ളതും, സ്വന്തമായി വീടില്ലാത്തതുമായ പട്ടികവർഗ്ഗക്കാർക്ക് താമസയോഗ്യമായ വീട് എന്ന ലക്ഷ്യം വച്ച് കൊണ്ട് ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നു.

6. <u>കോർപ്പസ് ഫണ്ട്</u>

അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായിരുന്ന പട്ടികവർഗ്ഗ കോളനികളിൽ ജില്ലാവർക്കിംഗ് ഗ്രൂപ്പിന്റേയും, സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റേയും അംഗികാരത്തോടെ കുടിവെള്ള പദ്ധതികൾ, റോഡ് ടാറിംഗ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, ഭവന നിർമ്മാണ തുടർ ഗഡുക്കൾ, റബ്ബർ കൾട്ടിവേഷൻ എന്നിവ നടപ്പിലാക്കുന്നു.

7. <u>ആർട്ടിക്കിൾ:275(1)</u>

കോടോം ബേളൂർ ഗ്രാപഞ്ചായത്തിലെ തൂങ്ങൽ-വെള്ളരിക്കുണ്ട് കോളനി യൂണിറ്റിന് വാദ്യോപകരണങ്ങൾ വിതരണം ചെയ്തു.

8. പൂൾഡ് ഫണ്ട്

പരപ്പ ബ്ലോക്കിലെ പട്ടികവർഗ്ഗ മേഖലയിൽ സ്ത്രീ ശാക്തികരണം ലക്ഷ്യമാക്കി മഹിളാ സമഖ്യ മുഖേന പട്ടികവർഗ്ഗ കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

9. വിദ്യാജോതി പദ്ധതി പ്രകാരം 8-ാംതരത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്.

10. പ്രത്യേക കേന്ദ്ര പദ്ധതി (SCA to TSP)

ക്ലസ്റ്റർ അടിസ്ഥാനത്തിൽ കോളനികളെ തെരെഞ്ഞെടുത്ത് പട്ടികവർഗ്ഗക്കാരുടെ വരുമാനദായക പദ്ധതികൾ SCA to TSP മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

ബി). ജില്ലയിൽ കോർപ്പസ് ഫണ്ടിൽ 5,92,59,164/- രൂപ ചെലവഴിച്ച് 1037 പേർക്ക് ഇതിന്റെ പ്രയോജനം ലഭ്യമായിട്ടുണ്ട്.

| വർഷം | | തുക | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 2011-12 | - | 32521582 | - | 799 |
| 2012-13 (ഫെബ്രുവരി വരെ) | - | 26737582 | - | 238 |
| | ആകെ = | 59259164 | - | 1037 |

സെക്ഷൻ ഓഫീസർ